# ഗവ.യു.പി.സ്കൂൾ ചക്കാമ്പുഴ

## അക്കാദമിക മാസ്റ്റർപ്ലാൻ



# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ. യു. പി. സ്കൂൾ ചക്കാമ്പുഴ. |
| മേൽവിലാസം | : ചക്കാമ്പുഴ. P.O. , കോട്ടയം |
| | PIN - 686574 |
| ഫോൺ നമ്പർ | : 04822 262050 |
| സ്കൂൾ കോഡ് | : 31261 |
| വിദ്യാഭ്യാസ ഉപജില്ല | : രാമപുരം |
| വിദ്യാഭ്യാസ ജില്ല | : പാലാ |
| റവന്യൂ ജില്ല | : കോട്ടയം |
| ബി. ആർ. സി. | : രാമപുരം |
| സി. ആർ. സി. | : രാമപുരം |
| ഗ്രാമപഞ്ചായത്ത് | : രാമപുരം |
| ബ്ലോക്ക് പഞ്ചായത്ത് | : ഉഴവൂർ |
| ജില്ലാ പഞ്ചായത്ത് | : കോട്ടയം |
| നിയമസഭാ മണ്ഡലം | : പാലാ |
| ലോകസഭാ മണ്ഡലം | : കോട്ടയം |
| താലൂക്ക് | : മീനച്ചിൽ |
| വില്ലേജ് | : വെള്ളിലാപ്പിള്ളി |
| ഇ-മെയിൽ വിലാസം | : gupschakkampuzha@gmail.com |
| You Tube ചാനൽ | : GUPS Chakkampuzha |
| School wiki | : GUPS Chakkampuzha. |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സമഗ്രവികാസനം ലക്ഷ്യമിട്ട് സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയിലൂടെ എല്ലാ കുട്ടികളെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഓരോ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. നിലവിലുള്ള വിദ്യാഭ്യാസ സാഹചര്യങ്ങൾക്കും നയങ്ങൾക്കുമനുസരിച്ച് കുട്ടികളുടെ സമഗ്രവികാസനത്തിന് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

മികവാർന്ന രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഗവ.യു.പി. സ്കൂൾ ചക്കാമ്പുഴ, സജീവമായ പി.ടി.എ., എം.പി.ടി.എ, രക്ഷിതാക്കൾ, അധ്യാപകർ, പൂർവവിദ്യാർത്ഥികൾ, പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ വരും വർഷങ്ങളിൽ മുൻപന്തിയിൽ തന്നെ തുടരണം എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിച്ച് അവരുടെ സമഗ്രപുരോഗതി സാധ്യമാക്കുന്നതിനായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുമെന്ന ഉറച്ച വിശ്വാസത്തോടെ ....

ഹെഡ്മിസ്ട്രസ്സ്

പി.ടി.എ. പ്രസിഡന്റ്

# ഗവ. യു. പി. സ്കൂൾ. ചക്കാമ്പുഴ

അക്ഷരനഗരിയായ കോട്ടയം ജില്ലയിൽ പാലാ വിദ്യാഭ്യാസ ജില്ലയിൽ രാമപുരം ഉപജില്ലയിൽ രാമപുരം ഗ്രാമപഞ്ചായത്തിൽ ചക്കാമ്പുഴ എന്ന ഗ്രാമത്തിലാണ് ഗവ. യു.പി. സ്കൂൾ ചക്കാമ്പുഴ സ്ഥിതിചെയ്യുന്നത്. 1926-ൽ ഒരു എൽ.പി. സ്കൂളായി പ്രവർത്തനമാരംഭിക്കുകയും 1964-65 കാലഘട്ടത്തിൽ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. ഇവിടെ പ്രീപ്രൈമറി മുതൽ ഏഴ് വരെ ഓരോ ഡിവിഷനുകളാണുള്ളത്. ഈ കോമ്പൗണ്ടിൽ രാമപുരം സബ്ജില്ലയുടെ ബി.ആർ.സി.യും പ്രവർത്തിച്ചുവരുന്നു.

1926-ൽ മുളക്കുടിയാനിക്കൽ ശ്രീ. മത്തായി ആഗസ്തി ആണ് ഈ സ്കൂളിന് സ്ഥലം സംഭാവന ചെയ്തത്. ശ്രീമതി. ന.ഗ. സരോജം, ശ്രീ. ജോർജ്ജ് തോമസ് തുടങ്ങിയവരെല്ലാം ഈ സ്കൂളിൽ പ്രധാനാധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രധാനാധ്യാപിക ശ്രീമതി. ജിൻസി അബ്രഹാം ആണ്.

ഉന്നതമായ ഭൗതിക സൗകര്യങ്ങളും ഹൈടെക് ക്ലാസ്മുറികളും ഉൾപ്പെടുന്ന പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനുവേണ്ട നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

സ്കൂളിന്റെ എല്ലാ ആവശ്യങ്ങൾക്കും അകമഴിഞ്ഞ പിന്തുണ നൽകുന്ന സജീവമായ ഒരു PTA ഈ സ്കൂളിന് ഉണ്ടെന്നുള്ളത് ഏറെ സന്തോഷം നൽകുന്നു.

# പൊതുലക്ഷ്യങ്ങൾ

* ഓരോ കുട്ടിയും നേടേണ്ട പഠനശേഷികൾ നേടി എന്നുറപ്പുവരുത്തുക.
* കുട്ടിയ്ക്ക് മികവാർന്ന പഠനാന്തരീക്ഷവും പഠനസാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ പഠനസാഹചര്യങ്ങളും ഭൗതികസാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
* എല്ലാ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ മുഴുവൻ ശേഷികളും ലഭിക്കുന്ന രീതിയിൽ ലാബ് പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുക.
* ഓരോ കുട്ടിയുടെയും അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനങ്ങൾ നൽകുകയും പരിശീലനങ്ങൾ ലഭ്യമാക്കുകയും അവസരങ്ങൾ ഒരുക്കുകയും ചെയ്യുക.
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* കുട്ടികളുടെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനായി കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* കുട്ടികളുടെ ആശയപ്രകടനശേഷി വർധിപ്പിക്കാൻ സഹായകമായ വിദ്യാലയപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുതകുന്ന പദ്ധതികൾ നടപ്പിലാക്കുക.

* ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരി-ഗണനയും പരിശീലനവും നൽകുക.
* രാസലഹരി, മൊബൈൽ അഡിക്ഷൻ, പോക്സോ ഇവയു-മായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
* ഹരിതവിദ്യാലയം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക.
* ഉച്ചഭക്ഷണം വൈവിധ്യമാർന്നതും രുചികരവുമാക്കുക.
* കുട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക.
* വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുക.

# വിഷയാടിസ്ഥാനത്തിലുള്ള പ്രവർത്തന പദ്ധതി

## മേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷാപരമായ ശേഷികൾ | * അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഇവ ഉറയ്ക്കുന്നതിനായി പരിഹാരബോധന ക്ലാസുകൾ നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| വായനാശേഷി വളർത്തൽ | * ക്ലാസ് വായനക്കൂട്ടം<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* പുസ്തകപരിചയക്കുറിപ്പ് തയ്യാറാക്കൽ<br>* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>* അനുകാലിക വായന പ്രോത്സാഹിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| എഴുത്ത് പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളിലെ പഠനപ്രവർത്തനങ്ങൾ മുൻനിർത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ - മാർച്ച് | SRG കൺവീനർ<br>ക്ലാസ് ടീച്ചർ |
| ലേഖനശേഷി വർധിപ്പിക്കൽ | * സചിത്രഡയറി, കൂട്ടെഴുത്ത് എന്നിവയിൽ തുടങ്ങി ക്രമാനുഗതമായി വികസിച്ച് പുസ്തകാസ്വാദനക്കുറിപ്പ് വരെ എത്തിനിൽക്കുന്ന വിവിധ പ്രവർത്തനങ്ങൾ (എല്ലാ ക്ലാസുകളിലും) | ജൂൺ - മാർച്ച്<br>ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| അറിവ് ICT സാധ്യതകൾ ഉപയോഗിച്ച് നേടൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ.<br>* ചർച്ച സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | * ഓർമ്മദിനങ്ങൾ ആചരിക്കൽ<br>* ഡോക്യുമെന്ററി പ്രദർശനം<br>* പുസ്തകപരിചയം, ക്വിസ് മത്സരങ്ങൾ, പതിപ്പ് നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം. | SRG കൺവീനർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് PTA |
| സർഗോത്സവം - ഭാഷാപഠനത്തിന്റെ ഭാഗമായി കുട്ടികൾ നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | * കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | ആഴ്ചയിലൊരിക്കൽ | വിദ്യാരംഗം കൺവീനർ |
| സർഗാത്മകതയെ തട്ടിയുണർത്താം. | * രചനാ ശില്പശാല<br>* കഥ - കവിതാ രചനകൾക്കുള്ള വേദി ഒരുക്കൽ | ജനുവരി ഫെബ്രുവരി | SMC<br>അധ്യാപകർ<br>ഭാഷാ ക്ലബ്ബ് |
| | | | |

# മേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല. |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | * കാർട്ടൂൺ പ്രദർശനം<br>* സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ | * Let's talk<br>* English ബാലസഭ<br>* English Assembly<br>* ELEP Programme<br>* One day English | എല്ലാ ദിവസവും<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന്<br>June-March<br>ആഴ്ചയിൽ ഒന്ന് | ELEP ടീച്ചർ<br>HM<br>English Teachers |
| English വായന ആശയമറിഞ്ഞും ഒഴുക്കോടെയും | * ക്ലാസ് ലൈബ്രറി വികസനം<br>* വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ<br>* ബാലപ്രസിദ്ധീകരണങ്ങളുടെ വായന | June - March<br>മാസത്തിൽ ഒന്ന്<br>June - March | ക്ലാസ് ടീച്ചർ<br>English Teachers |
| ഇംഗ്ലീഷ് ഡയറി- തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി. | * നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ English ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം വച്ച് വർഷം മുഴുവൻ. | English Teachers. |

| | | | |
|---|---|---|---|
| English തിയേറ്റർ<br>സർഗാത്മകതാ പരിപോഷണം | * English പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, drama, role-play, readers theatre, choreography etc.) | മാസത്തിൽ ഒന്ന് | SMC<br>PTA |
| English Magazine<br>സർഗാത്മകതാ രചനാശേഷി വികസനം. | * മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | മൂന്ന് മാസത്തിലൊരിക്കൽ | HM<br>ക്ലാസ് ടീച്ചർ<br>SMC |
| English Corner<br>വായനാ പരിപോഷണം. | * കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ.<br>* വായനാവേദ ഒരുക്കൽ<br>* വായനാക്കുറിപ്പ്, പുസ്തകപരിചയം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>PTA |
| English Fest.<br>English നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | * വായനാമത്സരം<br>* രചനാമത്സരം<br>* മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | ഫെബ്രുവരി | ELEP ടീച്ചർ<br>ക്ലാസ് ടീച്ചർ<br>HM<br>PTA |

# മേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികളുടെയും അടിസ്ഥാന ശേഷി മെച്ചപ്പെടുത്തുന്നതിന് | * ഹിന്ദി ദിനാചരണങ്ങൾ<br>* ഹിന്ദി അസംബ്ലി<br>* ഹിന്ദി വാർത്താവായന<br>* ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക. | Sep. 14<br>ആഴ്ചയിൽ ഒന്ന്<br>ജൂൺ - മാർച്ച് | ഹിന്ദി ടീച്ചർ<br>HM<br>PTA<br>SMC |
| ഹിന്ദി അന്തരീക്ഷം എഴുത്ത് മെച്ചപ്പെടുത്തൽ | * ഹിന്ദി സാഹിത്യകാരന്മാർ, അവരുടെ പേര്, ചിത്രങ്ങൾ, പൂക്കൾ, ഫലങ്ങൾ മൃഗങ്ങൾ തുടങ്ങിയവയുടെ പേരുകൾ ആൽബത്തിലെഴുതുക.<br>* ഹിന്ദി ക്ലബ്ബ് | 6 മാസം | ഹിന്ദി ടീച്ചർ |
| ഹിന്ദി ഭാഷയോടുള്ള അവഗണന ഇല്ലാതാക്കൽ | * ഹിന്ദി ഫെസ്റ്റിവൽ<br>* ഹിന്ദി ക്വിസ് മത്സരം<br>* ഒന്നാം ക്ലാസ്സുമുതൽ ഹിന്ദി ഭാഷ പഠിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. | February<br>February<br>June - March | ഹിന്ദി ടീച്ചർ. |
| പദപരിചയം ഉണ്ടാക്കുക. | * 5-7 ക്ലാസിൽ കാർഡ് നിർമ്മാണം, പദനിർമ്മാണ മത്സരം, അക്ഷരകളി. | August<br>September | ഹിന്ദി ടീച്ചർ. |
| ഹിന്ദി ഭാഷയോടുള്ള താല്പര്യക്കുറവ് ഇല്ലാതാക്കുക. | * ലൈബ്രറി ഉപയോഗം<br>* ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, പാട്ടുകൾ ഇവയുടെ പ്രദർശനം | ആഴ്ചയിൽ ഒന്ന് | ഹിന്ദി ടീച്ചർ |

| | | | |
|---|---|---|---|
| ഹിന്ദി അന്തരീക്ഷമില്ലായ്മ മെച്ചപ്പെടുത്താൻ | * ഹിന്ദിയിൽ വിദഗ്ധമായി ആശയവിനിമയം.<br>* താൽക്കാലിക അധ്യാപകരുടെ സേവനം ഉറപ്പിക്കുക. | ജൂൺ - മാർച്ച് | ഹിന്ദി ടീച്ചർ |
| ഹിന്ദി ആശയപ്രകടനത്തിന് ബുദ്ധിമുട്ട് ഇല്ലാതാക്കുവാൻ | * ഹിന്ദിഭാഷ സംസാരിക്കുവാൻ ക്ലാസുകളിൽ അവസരം ഉണ്ടാക്കുക.<br>* ഹിന്ദി സംഭാഷണങ്ങൾ എഴുതിപ്പിക്കുക, വായിപ്പിക്കുക, പറയാനുള്ള അവസരം നൽകുക.<br>* ഒഴിവുദിവസങ്ങളിൽ Spoken Hindi ക്ലാസുകൾ സംഘടിപ്പിക്കുക. | ആഴ്ചയിൽ<br>June - March<br>ആവശ്യാനുസരണം | ഹിന്ദി ടീച്ചർ |
| ഹിന്ദിയിലെ പ്രതിഭകൾക്ക് പ്രോത്സാഹനം നൽകൽ | * പഠനത്തോടൊപ്പം ഒരു പദ്ധതി -<br>യു.പി. സ്കൂൾ പഠനത്തോടൊപ്പം ചെറിയ കോഴ്സുകൾ പ്രതിഭകളായ കുട്ടികളെ കണ്ടെത്തി നൽകുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | HM<br>ഹിന്ദി ടീച്ചർ<br>PTA |

# മേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല. |
|---|---|---|---|
| ഗണിതത്തിന്റെ അടിസ്ഥാനാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | * ഗണിത വർക്ക്ഷോപ്പ് - കളിരീതിയിലൂടെ ചതുഷ്ക്രിയകളും ഗണിതത്തിന്റെ അടിസ്ഥാന ശേഷികളും നേടാനുള്ള തരത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. | June-March | ഗണിതാധ്യാപകർ |
| ഗണിതപഠനം രസകരവും ആകർഷകവുമാക്കുക. | * ഗണിതലാബ് ശാക്തീകരണം. | June-March | ഗണിത ക്ലബ്ബ് |
| മികച്ച ഗണിത പ്രതിഭകളെ വളർത്തുക. | * ഗണിതക്വിസ്<br>* ഗണിതോത്സവം<br>* ഗണിതശാസ്ത്രമേള | മാസത്തിൽ ഒന്ന്<br>February<br>October | ഗണിതാധ്യാപകർ<br>ഗണിത ക്ലബ്ബ് |
| ജ്യാമിതീയ രൂപങ്ങൾ സംബന്ധിച്ച് ധാരണ നേടുന്നതിന് | * ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം - ഈർക്കിൽ, കാർഡ്ബോർഡ് എന്നിവ ഉപയോഗിച്ച് പലതരം ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു. | June-March | ഗണിത ക്ലബ്ബ്<br>ഗണിതാധ്യാപകർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുക. | * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പരിഹാരബോധന പ്രവർത്തനങ്ങൾ നൽകുന്നു. | June-March | SRG കൺവീനർ<br>ഗണിതാധ്യാപകർ |

# മേഖല - പരിസരപഠനം, അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1-7 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട മുഴുവൻ പഠനനേട്ടങ്ങളും ആർജ്ജിക്കുന്നതിന് സജ്ജരാക്കുക. | * 1-7 വരെ ക്ലാസുകളിലെ പരിസരപഠനവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ, വർക്ക്ഷീറ്റുകൾ, നിരീക്ഷണപ്രവർത്തനങ്ങൾ എന്നിവ നടത്തുക. | June - March | വിഷയാധ്യാപകർ |
| | * നിരന്തരമൂല്യനിർണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു. | June - March | വിഷയാധ്യാപകർ |
| | * ഉപകരണനിർമ്മാണ ശില്പശാല നടത്തുന്നു. | February | SRG |
| | * ക്ലാസ് ലാബ് തയ്യാറാക്കുന്നു. | July | ശാസ്ത്ര ക്ലബ്ബ് |
| ശാസ്ത്രാവബോധം വളർത്തൽ | * ശാസ്ത്രപുസ്തകവായന, വിവരശേഖരണം, സയൻസ് സിറ്റി സന്ദർശനം, ലഘുപരീക്ഷണങ്ങൾ, കുറിപ്പ് തയ്യാറാക്കൽ, എല്ലാവർക്കും ശാസ്ത്രപരീക്ഷണം ചെയ്യാൻ അവസരം ഒരുക്കുന്നതിനായി ആവശ്യാനുസരണം സയൻസ് മാജിക് ഷോ നടത്തുന്നു. | ആവശ്യാനുസരണം | SRG വിഷയാധ്യാപകർ |
| | * ശാസ്ത്രകിറ്റുകൾ തയ്യാറാക്കൽ. | June - March | ശാസ്ത്ര ക്ലബ്ബ് |

| | | | |
|---|---|---|---|
| ശാസ്ത്ര സർഗാത്മകതയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക. | * സ്കൂൾ ശാസ്ത്ര ലൈബ്രറി<br>* ശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ | June-March<br>വർഷത്തിൽ ഒന്ന് | വിഷയാധ്യാപകർ<br>HM<br>PTA |
| ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം. | * ഐ. സി. ടി. വിഭവങ്ങൾ തയ്യാറാക്കൽ | June-March | ശാസ്ത്രാധ്യാപകർ<br>ശാസ്ത്രക്ലബ്ബ് |
| കുട്ടികളിൽ ശാസ്ത്ര-സാങ്കേതിക വിദ്യയിലുള്ള കഴിവ് വർധിപ്പിക്കുക. | * ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട മൊബൈൽ ആപ്ലിക്കേഷൻ നിർമ്മാണം<br>* ഡിജിറ്റൽ ലൈവ് ക്ലാസുകൾ | January | ശാസ്ത്ര ക്ലബ്ബ് |
| കുട്ടികളിൽ ശാസ്ത്രമനോഭാവം വളർത്തുക. | * ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | November | ശാസ്ത്രാധ്യാപകർ |
| സ്കൂളിലെ ശാസ്ത്രപഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | * വിദ്യാലയത്തിൽ പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചുമർചിത്രങ്ങൾ വരയ്ക്കുന്നു. പരീക്ഷണ നിരീക്ഷണങ്ങൾക്കായി സയൻസ് പാർക്ക് നിർമ്മിക്കുന്നു. | August-December | SRG<br>ശാസ്ത്രക്ലബ്ബ്<br>PTA<br>HM |
| ശാസ്ത്രപ്രക്രിയാശേഷികൾ വളർത്തുന്ന പ്രവർത്തനങ്ങൾ ഒരുക്കുക. | * എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ നടത്തുന്നതിനാവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | June-March | സയൻസ് ക്ലബ്ബ്<br>സയൻസ് ടീച്ചേഴ്സ് |

| | | | |
|---|---|---|---|
| ശാസ്ത്ര പ്രക്രിയാ-ശേഷികൾ വികസിപ്പിക്കുക. | * ഓരോ ക്ലാസിനും അനുയോജ്യമായ ശില്പശാലകൾ, വർക്ക്ഷോപ്പുകൾ ഇവ സംഘടിപ്പിക്കുക. | ഓരോ ടേമിലും. | ശാസ്ത്രാധ്യാപകർ ശാസ്ത്രക്ലബ്ബ് |

## മേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വിദ്യാർത്ഥികളിൽ ചരിത്രാവബോധം വളർത്തുക. സമകാലത്തെയും ഭാവിയെയും ബന്ധപ്പെടുത്തി പഠനം നടത്തുക. | * ചരിത്രപരമായ പഠനത്തിന് ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന്. | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ജനാധിപത്യ ആശയങ്ങൾ സ്വാഭാവിക ഘടകമായാക്കുക, സിവിക് അവബോധം വളർത്തുക. | * അവബോധ ക്ലാസ്<br>* തെരുവുനാടകങ്ങൾ സംഘടിപ്പിക്കൽ<br>* സിവിക് ക്യാമ്പെയ്നുകൾ | September-February | SRG<br>PTA<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| ധാർമിക മൂല്യങ്ങൾ നിർദേശിച്ചുകൊണ്ട് ശാന്തിയും ധാർമികതയും പ്രോത്സാഹിപ്പിക്കുക. | * സോഷ്യൽസയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ, നിരീക്ഷണചോദ്യങ്ങൾ, പരീക്ഷണ പഠനങ്ങൾ | June-March | വിഷയാധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികളുടെ മാപ് റീഡിംഗ് സ്കിൽ വർധിപ്പിക്കുക. ഭൗമോപരിതല പ്രത്യേകതകളെ മനസ്സിലാക്കുക. | * ഭൗമചിഹ്നങ്ങൾ കൂടുതൽ ഉൾക്കൊള്ളുന്ന പ്ലാനുകൾ, സാഹചര്യങ്ങൾ, പ്രദേശ വിവരങ്ങൾ എന്നിവ ശേഖരിച്ച് പരിചയപ്പെടുത്തൽ. | ആവശ്യാനുസരണം. | വിഷയാധ്യാപകർ |

## മേഖല - വിവരസാങ്കേതികവിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | * പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പ്രയോജനപ്പെടുത്തൽ. | മാസം മാസവും | ക്ലാസ് ടീച്ചേഴ്സ് |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാനുള്ള അവസരം നൽകൽ | * IT, ICT പ്രവർത്തനങ്ങൾ<br>* പരിശീലനപരിപാടികൾ സംഘടിപ്പിക്കൽ | June-March | SITC<br>ക്ലാസ് ടീച്ചേഴ്സ്. |

## മേഖല - പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | * പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | ഒക്ടോബർ-നവംബർ | WE ക്ലബ്ബ് |
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടും അല്ലാതെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവസരം നൽകുക. | ജൂൺ-മാർച്ച് | WE ക്ലബ്ബ് ക്ലാസ് ടീച്ചേഴ്സ് |

## മേഖല - കല, ആരോഗ്യ കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കലാഭിരുചി കുട്ടികളിൽ വളർത്തുക. | * ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. | എല്ലാ ആഴ്ചയും | SRG കൺവീനർ വിദ്യാരംഗം കൺവീനർ |
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിൽ പരിപാടികൾ സംഘടിപ്പിക്കുക. | * നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | ഒക്ടോബർ-ഫെബ്രുവരി | SRG കൺവീനർ, വിദ്യാരംഗം കൺവീനർ, അധ്യാപകർ |

| | | | |
|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | * കുട്ടികളുടെ മികവുകളും മറ്റും FB, Whats app, You Tube എന്നിവ വഴി സമൂഹവുമായി പങ്കുവയ്ക്കുന്നു.<br>* കലാമത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | June-March<br>November | HM<br>SRG കൺവീനർ<br>PTA<br>അധ്യാപകർ |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | * PT പീരിയഡിൽ ഗെയിംസ്, ഫിസിക്കൽ എക്സർസൈസ് ഇവ ചെയ്യാൻ അവസരം നൽകുന്നു.<br>* Sports മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | ആഴ്ചയിൽ രണ്ട് വീതം വർഷം മുഴുവൻ<br>January | SRG കൺവീനർ<br>ക്ലാസ് ടീച്ചേഴ്സ്.<br>Sports Club |
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | * കുട്ടികൾക്കായി ഹെൽത്ത് ചെക്ക് അപ്പ് നടത്തുന്നു. | June | Health Club<br>PTA |